# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:29.11.2024**

### പ്രധാനവാർത്തകൾ

1.) വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ പ്രതിഷേധം ശക്തമായതോടെ പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു; സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും.

2.) സാമൂഹ്യ സുരക്ഷാ പെൻഷൻ ക്രമക്കേടുകളിൽ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ച് സംസ്ഥാന ധനവകുപ്പ്.

3.) പ്രിയങ്ക ഗാന്ധി എം.പി നാളെ വയനാട് ലോക്സഭ മണ്ഡലം സന്ദർശിക്കും; വിവിധ സ്വീകരണ പരിപാടികളിൽ പങ്കെടുക്കും.

4.) ആലപ്പുഴയിൽ നവജാത ശിശുവിന് വൈകല്യമുണ്ടായ സംഭവത്തിൽ ആരോഗ്യവകുപ്പിന്റെ അന്വേഷണം ആരംഭിച്ചു; മുഖ്യമന്ത്രിക്ക് പരാതി നൽകി കുടുംബം.

5.) ന്യൂനമർദ്ദത്തിന്റെ പ്രഭാവത്താൽ തമിഴ്നാട്ടിൽ ശക്തമായ മഴ; സംസ്ഥാനത്തും ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത; കേരള - തമിഴ്നാട് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

6.) I S L ഫുട്ബോളിൽ, ഇന്ന് ഈസ്റ്റ് ബംഗാൾ - നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.

***********************************

RNUTVPM

## പാർലമെൻറ്

വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ പ്രതിഷേധം ശക്തമായതോടെ പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഇന്ന് രാവിലെ രാജ്യസഭ സമ്മേളിച്ചപ്പോൾ, പ്രതിപക്ഷ പാർട്ടി അംഗങ്ങൾ നൽകിയ അടിയന്തര പ്രമേയ നോട്ടീസ് ചെയർമാൻ ജഗ്ദീപ് ധൻഖർ തള്ളിയതോടെ പ്രതിഷേധം ശക്തമാവുകയായിരുന്നു. സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും.

****************************************

## രാഷ്ട്രപതി - തമിഴ്നാട്

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ തമിഴ്നാട് സന്ദർശനം തുടരുന്നു. ഇന്ന് ആദിവാസി വനിതാ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുമായും നീലഗിരി ജില്ലയിലെ ഗോത്ര സമൂഹവുമായും രാഷ്ട്രപതി സംവദിക്കും. നാളെ തിരുവാരൂരിൽ നടക്കുന്ന തമിഴ്നാട് കേന്ദ്രസർവകലാശാലയുടെ ബിരുദദാനച്ചടങ്ങിനെ ശ്രീമതി മുർമു അഭിസംബോധന ചെയ്യും.

ANU TVPM

****************************************

## പ്രധാനമന്ത്രി - ഒഡിഷ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒഡിഷയിലെ ഭുവനേശ്വറിൽ നടക്കുന്ന ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് അഖിലേന്ത്യാ സമ്മേളനത്തെ നാളെ അഭിസംബോധന ചെയ്യും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരും പങ്കെടുക്കുന്നുണ്ട്. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലും സമ്മാനിക്കും.

****************************************

## വഖഫ് (ഭേദഗതി) ബിൽ

2024ലെ വഖഫ് (ഭേദഗതി) ബിൽ പരിഗണിക്കുന്ന സംയുക്ത പാർലമെൻ്ററി കമ്മിറ്റിയുടെ കാലാവധി നീട്ടി. 2025ലെ ബജറ്റ് സമ്മേളനത്തിൻ്റെ അവസാന ദിവസം വരെ കാലാവധി നീട്ടിക്കൊണ്ടുള്ള പ്രമേയം ലോക്സഭ ഇന്നലെ പാസാക്കി. 13 പ്രതിപക്ഷ അംഗങ്ങൾ ഉൾപ്പെടെ 21 ലോക്സഭ അംഗങ്ങളും രാജ്യസഭയിൽ നിന്ന് 10 അംഗങ്ങളും ഉൾപ്പെടുന്നതാണ് ജെപിസി.

*************************************

## സാമൂഹ്യ സുരക്ഷാ പെൻഷൻ

സാമൂഹ്യസുരക്ഷാ പെൻഷൻ ക്രമക്കേടുകളിൽ കൂടുതൽ നടപടികളുമായി സംസ്ഥാന ധന വകുപ്പ്. മലപ്പുറം കോട്ടക്കൽ നഗരസഭയിൽ തട്ടിപ്പിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ധനമന്ത്രി കെ എൻ ബാലഗോപാൽ നിർദേശം നൽകി. ഏഴാം വാർഡിലെ 42 ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച പരിശോധനയിൽ 38 പേരും അനർഹരാണെന്ന് കണ്ടെത്തിയിരുന്നു.

*************************************

## പ്രിയങ്ക - വയനാട്

ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും വയനാട് എം.പി. പ്രിയങ്ക ഗാന്ധിയും നാളെ വയനാട് ലോക്സഭ മണ്ഡലത്തിലെത്തും. തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പൊതുസമ്മേളത്തിൽ ഇരുവരും പങ്കെടുക്കും. കരുളായി, വണ്ടൂർ, എടവണ്ണ എന്നിവിടങ്ങളിലും പ്രിയങ്ക ഗാന്ധിക്ക് സ്വീകരണം നൽകും. ഞായറാഴ്ച മാനന്തവാടിയിലും സുൽത്താൻ ബത്തേരിയിലും, കല്പറ്റയിലും പ്രിയങ്ക സ്വീകരണ പരിപാടികളിൽ പങ്കെടുക്കും.

*************************************

PNUTVPM

## ടൂറിസം - ഇടുക്കി (ഇൻട്രോ)

ടൂറിസം മേഖലയിൽ സ്ത്രീ സൗഹൃദ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി നാളെ മുതൽ തിങ്കളാഴ്ച വരെ മൂന്നാറിൽ ഉത്തരവാദിത്ത-ജെൻഡർ ഇൻക്ലുസീവ് ടൂറിസം സംബന്ധിച്ച് അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കും. നാളെ മന്ത്രി പി എ മുഹമ്മദ് റിയാസ് സമ്മേളനം ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......**

(വോയ്സ്)

***********************************

## ശബരിമല

മണ്ഡലമകരവിളക്ക് തീർത്ഥാടനത്തോട് അനുബന്ധിച്ച് ശബരിമല സന്നിധാനത്ത് തിരക്ക് തുടരുന്നു. ഇന്ന് രാവിലെ നട തുറന്നതു മുതൽ 10 മണിവരെയുള്ള കണക്കനുസരിച്ച് 37,000-ലേറെ പേർ ദർശനം നടത്തി. തത്സമയ ബുക്കിംഗിലൂടെ 7,000-ലേറെ പേരും ദർശനം നടത്തി.

***********************************

## അന്വേഷണസംഘം-കണ്ണൂർ

കണ്ണൂർ മുൻ എ.ഡി.എം, കെ.നവീൻ ബാബുവിൻ്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണസംഘം വീണ്ടും കണ്ണൂർ കളക്ടർ അരുൺ കെ. വിജയന്റെ മൊഴി രേഖപ്പെടുത്തി. കളക്ടറുടെ ക്യാമ്പ് ഓഫീസിൽ എത്തിയാണ് മൊഴിയെടുത്തത്. കളക്ടറുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് നടപടി.

***********************************

RNUTVPM

## നവജാതശിശു - അന്വേഷണം

ആലപ്പുഴ നവജാത ശിശുവിന് വൈകല്യമുണ്ടായ സംഭവത്തിൽ ആരോഗ്യവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറിന്റെ നേതൃത്വത്തിലുള്ള സംഘം അന്വേഷണം ആരംഭിച്ചു. സംഘം ഇന്ന് ആശുപത്രി അധികൃതരിൽ നിന്നും വിവരം ശേഖരിച്ചു. കുട്ടിയുടെ രക്ഷാകർത്താക്കളുമായും സംസാരിക്കും. സംഭവത്തിൽ കുട്ടിയുടെ കുടുംബം മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ട്.

************************************

## സൈനിക സേവ പരിഷത്ത് - കണ്ണൂർ

അഖില ഭാരതീയ പൂർവ്വ സൈനിക സേവ പരിഷത്തിൻറെ വാർഷിക സമ്മേളനം കണ്ണൂരിൽ ആരംഭിച്ചു. നാളെ ഉച്ചയ്ക്ക് നടക്കുന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയാകും. സമ്മേളനം ഞായറാഴ്ച സമാപിക്കും.

************************************

RNU TVPM

## വെങ്ങപ്പള്ളി സി ഡി എസ് - ഇൻട്രോ

ISO സർട്ടിഫിക്കേഷൻ ലഭിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ സി ഡി എസ് ഓഫീസ് എന്ന പദവി സ്വന്തമാക്കി വയനാട് ജില്ലയിലെ വെങ്ങപ്പള്ളി സി ഡി എസ്. കുടുംബശ്രീക്ക് ലഭിച്ച പൊൻതൂവലാണ് ഈ നേട്ടമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്...........**

(വോയ്സ്)

************************************

## തമിഴ്നാട് മഴ

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദം നാളെ മഹാബലിപുരത്തിനും പുതുച്ചേരിക്കുമിടയിലൂടെ കടന്നുപോകാൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്. തമിഴ്നാട്ടിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകിയിട്ടുണ്ട്. ചെന്നൈ കടലൂരും നാഗപട്ടണവും ഉൾപ്പെടെ ഒൻപത് തുറമുഖങ്ങളിൽ ചുഴലിക്കാറ്റ് മുന്നറിയിപ്പ് നിലവിലുണ്ട്. മോശം കാലാവസ്ഥയെ തുടർന്ന് വിമാന സമയത്തിൽ മാറ്റമുണ്ടാകാൻ സാധ്യതയുള്ളതിനാൽ യാത്രക്കാർ എയർലൈൻ സർവീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

************************************

## മഴ

സംസ്ഥാനത്തും അടുത്ത അഞ്ച് ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള - തമിഴ്നാട് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിനും വിലക്കേർപ്പെടുത്തി.

RNU TVPM

************************************

## ഐ എസ് എൽ

I S L ഫുട്ബോളിൽ, ഇന്ന് രാത്രി 07.30 ന് ഈസ്റ്റ് ബംഗാൾ - നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് - എഫ് സി ഗോവയോട് ഒരു ഗോളിന് പരാജയപ്പെട്ടു. പത്ത് മത്സരങ്ങളിൽ നിന്ന് 11 പോയിന്റുമായി പട്ടികയിൽ ഒൻപതാം സ്ഥാനത്താണ് ടീം.

************************************

## ടെക്നിക്കൽ ഹൈസ്കൂൾ കായികമേള

സംസ്ഥാന ടെക്നിക്കൽ സ്കൂൾ കായിക മേളക്ക് ഇന്ന് കോട്ടയം പാലായിൽ തുടക്കം. ഞായറാഴ്ച വരെ നടക്കുന്ന കായികമേളയിൽ ആയിരത്തി ഇരുന്നൂറിലേറെ കായിക താരങ്ങൾ പങ്കെടുക്കും. ഇന്ന് ഉച്ചക്ക് ശേഷം മൂന്ന് മണിക്ക് മന്ത്രി ആർ ബിന്ദു ഔപചാരിക ഉദ്ഘാടനം നിർവഹിക്കും.

*********************************

## കേരള സ്റ്റാർട്ടപ്പ് മിഷൻ- ഇൻട്രോ

ഗ്രാമീണ ഇന്ത്യാ വ്യാപാര സംഗമത്തിന്റെ മൂന്നാം പതിപ്പിന് കാസർഗോട്ടെ C.P.C.R.I വേദിയാകും. കേരള സ്റ്റാർട്ടപ്പ് മിഷൻ C.P.C.R.I, കേരള സെൻറർ യൂണിവേഴ്സിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അടുത്തമാസം 14, 15 തീയതികളിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ.........**

(വോയ്സ്)

RNU TVPM

*********************************

## ഹേമകമ്മിറ്റി

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ മൊഴികളുടെ അടിസ്ഥാനത്തിൽ കേസെടുക്കാനുള്ള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെതിരെ നടി നൽകിയ ഹർജി സുപ്രീം കോടതിയിൽ. താൻ കമ്മിറ്റിക്ക് മൊഴി നൽകിയത് ക്രിമിനൽ നടപടികൾ ആരംഭിക്കാനല്ലെന്ന് പ്രത്യേക പെറ്റീഷനിൽ നടി പറഞ്ഞു.

*********************************

## ചലചിത്രമേള- ടൂറിംഗ് ടാക്കീസ്

അടുത്തമാസം 13 മുതൽ 20 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 29-ാമത് കേരള രാജ്യാന്തര ചലചിത്രമേളയോട് അനുബന്ധിച്ചുള്ള ടൂറിംഗ് ടാക്കീസ് വിളംബര ജാഥ ഇന്ന് കോഴിക്കോട് ജില്ലയിൽ. ഈ മാസം 27ന് കാസർകോട്ടെ കയ്യൂരിൽ നിന്ന് ആരംഭിച്ച ടൂറിംഗ് ടാക്കീസ് കണ്ണൂർ ജില്ലയിലും പര്യടനം നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി വൈകീട്ട് മാനാഞ്ചിറ പബ്ലിക് ലൈബ്രറിയിൽ മലയാള ചിത്രം 'നൻപകൽ നേരത്ത് മയക്കം' പ്രദർശിപ്പിക്കും.

*********************************

## വനത്തിൽ കുടുങ്ങിയവരെ കണ്ടെത്തി

RNU TVPM

കോതമംഗലം കുട്ടമ്പുഴയിൽ വനത്തിൽ കാണാതായ മൂന്ന് സ്ത്രീകളെ തിരികെയെത്തിച്ചു. വനംവകുപ്പ് ഉദ്യോഗസ്ഥരും നാട്ടുകാരും ചേർന്ന് നടത്തിയ തെരച്ചിലിലാണ് ഇവരെ കണ്ടെത്തിയത്. കാണാതായ പശുവിനെ തെരഞ്ഞ് വനത്തിനുള്ളിലേക്ക് പോയ സ്ത്രീകൾ ആനയെ കണ്ട് ഭയന്ന് ഒളിച്ചിരിക്കുകയായിരുന്നു.

*********************************

## സ്വർണം/ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 631 പോയിന്റ് ഉയർന്ന് 79,674 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 177 പോയിന്റ് നേട്ടത്തിൽ 24,089 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. ഗ്രാമിന് 70 രൂപ ഉയർന്ന് 7,160 രൂപയും പവന് 57,280 രൂപയുമാണ് ഇന്നത്തെ വില.

****************************************************************************************

*********************************